(സി) പ്രസ്തുത അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേയ്ക്കായി നടത്തിയ വിദേശ യാത്രകൾക്ക് ഖജനാവിൽനിന്നും ഓരോ വർഷവും ചിലവഴിക്കപ്പെട്ട തുകയുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 25,62,943 |
| 2012-13 | 26,97,883 |
| 2013-14 | 30,42,667 |
| 2014-15 | - |
| 2015-16 | 20,86,355 |

(കണക്കുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല)

**കയർ മേഖലയുടെ വികസനം**

182(1249) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയുടെ വികസനത്തിനും ഈ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുകയെത്ര;

(സി) കഴിഞ്ഞ അഞ്ച് വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഇതിനായി ഇതുവരെ എന്ത് തുക ചെലവാക്കിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2011-12

നിലവിൽ തുടർന്നുവരുന്ന പദ്ധതികളോടൊപ്പം കയർ തൊഴിലാളികൾക്ക് നേരിടുന്ന ധനസഹായം പദ്ധതിക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു.

2012-13

നിലവിൽ തുടർന്നുവരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

കയർ കേരള 2013 സംഘടിപ്പിക്കുന്നതിന് 2 കോടി രൂപ പ്രഖ്യാപിച്ചു. വിനോദസഞ്ചാരമേഖലയുമായി സമന്വയിപ്പിച്ച് പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത രീതിയിൽ രൂപം നൽകുന്ന കയർ ഗ്രാമത്തിന്റെ നിർമ്മാണത്തിനായി ആദ്യപടിയായി 10 ലക്ഷം രൂപ പ്രഖ്യാപിച്ചു. ആഭരണങ്ങൾ, ബാഗ്, ഫയലുകൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന പദ്ധതി രൂപപ്പെടുത്തും. ഇത്തരം ഉൽപ്പന്നങ്ങളുടെ നിർമ്മാണം വിപണനം എന്നിവയ്ക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു.

2013-14

നിലവിൽ തുടർന്നുവരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴയിൽ ഒരു കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ പ്രഖ്യാപിച്ചു.

കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ CIAL മാതൃകയിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ പ്രഖ്യാപിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതിനായി 20 ലക്ഷം രൂപ പ്രഖ്യാപിച്ചു.

2014-15

ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതികൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

2015-16

കയർ ഉൽപ്പാദനത്തിനുവേണ്ടുന്ന ചകിരിനാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പി.പി.പി. അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പ്രഖ്യാപിച്ചു.

പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ പദ്ധതി വിഹിതവും ബജറ്റിൽനിന്നും പിൻവലിക്കപ്പെട്ട തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു:

1. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ പദ്ധതി വിഹിതം

| വർഷം | പദ്ധതി വിഹിതം | ബജറ്റിൽനിന്നുംപിൻവലിക്കപ്പെട്ട തുക |
|---|---|---|
| 2011-12 | 90,05,01,000 | 89,97,49,884 |
| 2012-13 | 1,04,70,00,000 | 1,02,38,39,301 |
| 2013-14 | 1,16,37,00,000 | 71,40,75,429 |
| 2014-15 | 1,21,93,90,000 | 64,35,44,632 |
| 2015-16 | 1,16,95,00,000 | 47,55,67,601 (31-1-2016 വരെ) |

2. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തുകയും വിനിയോഗവും

2011-12

2011-12 വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായധനം' പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2011-12 വർഷത്തിൽ കയർതൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായം പദ്ധതിക്കായി വകയിരുത്തിയ 50 ലക്ഷം രൂപ, ഏകദേശം 66000 വരുന്ന കയർ തൊഴിലാളികളുടെ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി റീ-അപ്രോപ്രിയേറ്റ് ചെയ്ത് അതേ ആവശ്യത്തിനായി വിനിയോഗിച്ചു.

2012-13

കയർ കേരള 2013 സംഘടിപ്പിക്കുന്നതിന് 2 കോടി രൂപയും ആഭരണങ്ങൾ, ബാഗ്, ഫയലുകൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും, അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന പദ്ധതിക്കായി 40,16,650 ലക്ഷം രൂപയും ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2013-14

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

2014-15

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്കിന് 2013-14 വർഷം തുക വകയിരുത്താത്തതിനാൽ 2014-15 വർഷം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിക്കായി തുക കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് റിലീസ് ചെയ്ത് നൽകുകയും ചെയ്തു.

2015-16

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ട്, നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2014-15 വർഷം മേൽ പദ്ധതിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 2015-16 വർഷം തുക എൻ.സി.ആർ.എം.ഐ.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 2011-12 വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ "തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായധനം "പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാതൃക കയർ ഗ്രാമം സ്ഥാപിക്കൽ എന്ന പദ്ധതിയും 2013-14-ൽ കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സി.ഐ.എ.എൽ. മാതൃകയിൽ അന്തർ ദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. 2015-16-ൽ പ്രഖ്യാപിച്ച കയർ ഉൽപ്പാദനത്തിനുവേണ്ടുന്ന ചകിരിനാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പി.പി.പി അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്ന പദ്ധതി കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 2015-16-ൽ പ്രഖ്യാപിച്ച പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു കോടി രൂപ വകയിരുത്തിയ പദ്ധതിയും നടപ്പിലാക്കുവാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly